# ബാലഗോകുലം

# ഭാരതീയസംസ്ക്കാരം കുട്ടികളെ പരിഗണിച്ചു

**—ഡോ: കെ. ഭാസ്കരൻനായർ**

ഏപ്രിൽ 11–ാംനു- ചൊവ്വ ഹൈസ്കൂളിൽവെച്ച് നടന്ന ബാലഗോകലത്തിൻെറ കണ്ണൂർജില്ലാ കലോത്സവം ഉൽഘാടനംചെയ്തുകൊണ്ട് പ്രസിദ്ധ സാഹിത്യകാരനും വിദ്യാഭ്യാസവിചക്ഷണനുമായ ഡോ: കെ. ഭാസ്കരൻ നായർ ബാലഗോകലത്തിൻെറ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. കുട്ടികളെ ഇരുമ്പു ചട്ടക്കൂട്ടിൽ വളർത്തിയെടുക്കുന്ന കമ്മ്യൂണിസ്റ്റു രീതിക്കു പകരം ഭാരതീയ സംസ്കാരത്തിൻെറ അടിസ്ഥാനത്തിൽ കുട്ടികളെ സ്വതന്ത്രമായി വളരാൻ അനുവദിക്കുന്ന ബാലഗോകലത്തിൻെറ പരിപാടികൾ ശ്ലാഘനീയമാണെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹം തുടർന്നു:

ബാലഗോകലം എന്ന പേരു് ഭാരതീയ സങ്കല്പത്തിനു് അനുസരിച്ചുള്ളതാണു്. ലോകത്തിൽ നിരവധി സംസ്കാരമുണ്ടു്. പക്ഷെ ഇവയെല്ലാം പ്രായമായവരുടെ സംസ്കാരത്തെയാണു് പ്രതിനിധാനം ചെയ്യുന്നതു്. ആ സംസ്കാരങ്ങളിലൊക്കെ വലിയവർ കാണിച്ചിട്ടുള്ള അത്ഭുതങ്ങളെകുറിച്ചും വലിയവരുടെ മഹത്വത്തെകുറിച്ചും മാത്രമെ കാണുന്നുള്ളു. എന്നാൽ കുഞ്ഞുങ്ങളുടെ കാര്യത്തെകുറിച്ചുള്ള ഒരു വിവരവുമില്ല. യവന സംസ്കാരത്തിലും ഈജിപ്ഷ്യൻ സംസ്കാരത്തിലും അതിൻെറ സുവർണ്ണദശയിൽ അവരുടെ കുഞ്ഞുങ്ങൾ എങ്ങനെയായിരുന്നു എന്നതിനെ സംബന്ധിച്ചു് ഒരു രൂപവുമില്ല. അതിൽനിന്നു് വ്യത്യസ്തമാണു് ഭാരതത്തിൽ ഉണ്ടായിട്ടുള്ള സംസ്കാരം.

അഡ്വ. കെ. കെ. ബാലറാം അദ്ധ്യക്ഷത വഹിച്ച ഉൽഘാടനയോഗത്തിൽ അഡ്വ. പി. ആർ. ബാലകൃഷ്ണൻ ആശംസാപ്രസംഗം നടത്തി. തുടർന്നു് മൂന്നു സ്റ്റേജുകളിലായി കലാ—വൈജ്ഞാനിക മത്സരങ്ങൾ നടന്നു. വൈകുന്നേരം അഡ്വ: എം. കെ. രഞ്ജിത്തിൻെറ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ജില്ലാസ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി ഡോ: പി. മാധവൻ ഉൽഘാടനം ചെയ്തു. ബാലഗോകലം സംസ്ഥാന സെക്രട്ടറി സി. ശ്രീധരൻ പ്രസംഗിച്ചു.

വിവിധ താലൂക്കുകളിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട 200ൽപരം ബാലഗോകലാംഗങ്ങൾ മത്സരങ്ങളിൽ പങ്കെടുത്തു. വിജയികൾക്കു ഡോ. മാധവൻ പ്രശംസാപത്രം കൊടുത്തു.

## വിഷു വാഘോഷ വാർത്തകൾ

മംഗലം കഞ്ചൻനമ്പ്യാർ, മൂത്താന്തറ കണ്ണകി, ഹരിക്കാരതെരുവു് അമ്പാടി മാത്തൂർ ജ്ഞാനോദയം, പല്ലാവൂർ, പനങ്ങാട്ടിരി ബാലഗോകലങ്ങൾ, തൃശ്ശൂർ ജില്ലയിലെ വല്ലത്താം നഗർ ഗുരുജി, എറണാകളം ജില്ലയിലെ നെട്ടവന്നൂർ ശ്രീശങ്കര, പാലസ്സാട്ടുതാഴം ശ്രീ ദുർഗ്ഗാ, ദേവൻകുളങ്ങര ബാലഗോകലം, കലൂർ കലിക, തെക്കൻ ചിററൂർ ശ്രീകൃഷ്ണ, തൃപ്പൂണിത്തുറ താലൂക്കിലെ പനങ്ങാട്ടു് വീരപഴശ്ശി, പൂണിത്തുറ വിവേകാനന്ദ, ഇരുമ്പനം ചിന്മയ, ചെങ്ങന്നൂർ ജില്ലയിലെ പത്തനംതിട്ട താലൂക്കിൽ കടമ്മനിട്ട, ഓമല്ലൂർ, നരിയാപുരം, ചിററൂർ, മുരിങ്ങമംഗലം, കൃഷ്ണനട, റാന്നി താലൂക്കിലെ സീതത്തോട്ടു് ശ്രീകൃഷ്ണ തുടങ്ങിയ അഞ്ചു ബാലഗോകലങ്ങൾ, കോഴഞ്ചേരി താലൂക്കിലെ ഇലന്തൂർ ശ്രീദേവി, എന്നിവിടങ്ങളിലെല്ലാം വിഷുവാഘോഷം ഗംഭീരമായി നടന്നതായാണു് റിപ്പോർട്ടു്.

### മാസ്ററർ അരവിന്ദൻ

പനങ്ങാട്ടു് വീരപഴശ്ശി ബാലഗോകലത്തിൻെറ വിഷുവാഘോഷചടങ്ങിൽ പങ്കെടുത്തുകൊണ്ടു് മത്സരവിജയികൾക്കു സമ്മാനദാനം നിർവ്വഹിച്ചതു് 'ഓപ്പോളി'ലെ അഭിനയത്തിനു് അവാർഡു് നേടിയ ബാലനടൻ മാസ്റ്റർ അരവിന്ദായിരുന്നു. പൂണിത്തുറയിൽ പ്രസിദ്ധ സാഹിത്യകാരനും ബാലഗോകലം എറണാകളം ജില്ലാ രക്ഷാധികാരിയുമായ മാലി അദ്ധ്യക്ഷത വഹിച്ചു. റാന്നി താലൂക്കിലെ സീതത്തോട്ടിലെ വിഷുവാ

---

**ഭീഷ്മരുടെ കഥ-6**

# വിധിയു

**— കെ. ആർ നമ്പൂ**

സത്യവതിക്കു് സമാധാനമില്ല. കൌരവകലം കററിയററു പോകുന്നല്ലൊ എന്നോർക്കുമ്പോൾ അവരുടെ ഹൃദയം നീറുകയാണു്. എപ്പോഴും ഈയൊരുവിചാരംതന്നെ. ഊണും ഉറക്കവും കഷ്ടിയായി. ശരീരവും മനസ്സും ക്ഷീണിച്ചവശയായി. ഇതി നെന്താണൊരു പരിഹാരം. സത്യവതി വീണ്ടും വീണ്ടും ചിന്തിക്കാൻ തുടങ്ങി. അപ്പോൾ അവർക്കു് തൻെ പൂർവ്വകാലത്തിലുണ്ടായ ഒരു സംഭ തെപ്പററിയുള്ള ഓർമ്മവന്നു. 'താ കന്യകയായിരുന്നപ്പോൾ ഒരു ദിവ സം കാളിന്ദിയിൽ തോണി തുഴ തം. അവിടെ അവിചാരിതമാ

Digitized by Kerala Sahitya Akademi